മനോരമ

ESTABLISHED 1888

കൊച്ചി
30 പേജ്
₹ 4.50
**

റം * പത്തനംതിട്ട * മുംബൈ * ചെന്നൈ * ബാംഗ്ലൂർ * ഡൽഹി * മംഗലാപുരം * ബഹ്റൈൻ * ദുബായ്

www.manoramaonline.com

# കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി മനോരമ ന്യൂസ് വാർത്താതാരം

വിഡിയോ www.manoramaonline.com

മനോരമ ന്യൂസ് ടിവി ചാനൽ ഐഡിയ സെലുലാറുമായി ചേർന്നു സംഘടിപ്പിച്ച ന്യൂസ്മേക്കർ തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ പ്രേക്ഷകവോട്ടുകൾ നേടി വ്യവസായി കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി 2011ലെ വാർത്താതാരമായി. ചാനലിൽ സംപ്രേഷണം ചെയ്ത പരിപാടിയിൽ പ്രശസ്ത സംവിധായകൻ അടൂർ ഗോപാലകൃഷ്ണനാണു വാർത്താതാരത്തെ പ്രഖ്യാപിച്ചത്. സിപിഐ നേതാവും ജനയുഗം എഡിറ്ററുമായ ബിനോയ് വിശ്വം, വിമല മേനോൻ എന്നിവർ വാർത്താതാരത്തെ വിലയിരുത്തിയുള്ള ചർച്ചയിൽ പങ്കാളികളായി.

സ്വന്തം വൃക്ക ദാനംചെയ്ത് മഹത്തായ മാതൃകയായതും വ്യവസായരംഗത്തെ അനാരോഗ്യ പ്രവണതകൾക്കെതിരെ ഉറച്ച നിലപാട് എടുത്തതും വഴിയാണു കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പ്രേക്ഷകപ്രീതി ആർജിച്ചത്. ആറു ലക്ഷത്തോളം പ്രേക്ഷകർ പങ്കെടുത്ത എസ്എംഎസ്, ഓൺലൈൻ, ജിപിആർഎസ് വോട്ടെടുപ്പിലാണു കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ജേതാവായത്. ന്യൂസ്മേക്കർ ഫൈനൽ റൗണ്ടിൽ ഉണ്ടായിരുന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, നടൻ സലിംകുമാർ എന്നിവർക്കും മികച്ച പ്രതികരണമാണു പ്രേക്ഷകരിൽ നിന്നു ലഭിച്ചത്.

അഞ്ഞൂറുകോടി രൂപയിലേറെ വിറ്റുവരവുള്ള വിഗാർഡ്, വണ്ടർലാ സ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടറായ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, വൃക്കദാനത്തിലൂടെ അവയവദാനത്തെക്കുറിച്ചുള്ള അനാവശ്യ ആശങ്കകളും ആകുലതകളും ഇല്ലാതാക്കുകയായിരുന്നു. വ്യവസായസ്ഥാപനങ്ങളെയും സാധാരണക്കാരെയും ഒന്നുപോലെ ബാധിക്കുന്ന നോക്കുകൂലിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് എടുത്തും അദ്ദേഹം ശ്രദ്ധേയനായി. നാടിന്റെ ദുര്യോഗമായ കാര്യക്ഷമതയില്ലായ്മയോടു പൊരുതി വ്യവസായരംഗത്തു നേടിയ വിജയവും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു എന്ന് അടൂർ ഗോപാലകൃഷ്ണൻ ചർച്ചയിൽ ചൂണ്ടിക്കാട്ടി.

ന്യൂസ്മേക്കർ ഫലപ്രഖ്യാപനത്തിന്റെ പുനഃസംപ്രേഷണം ഇന്നു വൈകിട്ട് അഞ്ചുമണിക്കും രാത്രി 11നും നാളെ ഉച്ചകഴിഞ്ഞു മൂന്നു മണിക്കും മനോരമ ന്യൂസിൽ കാണാം.

Idea manorama news NEWSMAKER 2011



കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി